**പ്രതിവാരം**
സീതി

# വേണം; ആത്മീയതക്കും ആദായ നികുതി

**പ്രശസ്തമായ** ഏതാണ്ടെല്ലാ യൂനിവേഴ്സിറ്റികളിലും കോളേജുകളിലും ഹോസ്റ്റല്‍ യൂനിയന്‍ തെരഞ്ഞെടുപ്പിലെ ഏറ്റവും വാശിയേറിയ മത്സരം നടക്കാറുള്ളത് മെസ് സെക്രട്ടറി സ്ഥാനത്തേക്കാണ്. കാര്യം വെറുതെയല്ല. മെസ് സെക്രട്ടറിമാരാകുന്നവര്‍ക്കും സഹായികള്‍ക്കും ടേം കഴിയുമ്പോഴേക്ക് ഒരു ഹീറോ ഹോണ്ട ബൈക്ക് എങ്കിലും സ്വന്തമാക്കാന്‍ സാധിക്കും. ഹജ്ജ് കഴിഞ്ഞ് വരുമ്പോഴേക്ക് പ്രീമിയര്‍ പത്മിനി സ്വന്തമാക്കിയ 'മതപണ്ഡിതനെ' ഈ ലേഖകന് നേരിട്ടറിയാം. കക്ഷി വര്‍ഷം തോറും ഹജ്ജിന് പോകും. ഓരോ ഹജ്ജ് കഴിയുന്തോറും അദ്ദേഹത്തിന്റെ വീടിന് എന്തെങ്കിലും തരത്തില്‍ മോടി കൂടിയിരിക്കും.

ജോര്‍ദാന്‍, ഫലസ്തീന്‍, ഈജിപ്ത് തുടങ്ങിയ ഇസ്‌ലാമിക ചരിത്രഭൂമികളില്‍ സിയാറത്ത് നടത്തി ഉംറയും ചെയ്ത് തിരിച്ചുവരാവുന്ന ഒരു ടൂര്‍ പാക്കേജ് ഈയിടെ ഒരു ട്രാവല്‍ ഏജന്‍സി പ്രഖ്യാപിച്ചു. കേരളത്തിലെ പ്രശസ്തനായൊരു മതപ്രഭാഷകനെയാണ് പ്രസ്തുത പാക്കേജിന്റെ ബ്രാന്‍ഡ് അംബാസഡറായി നിശ്ചയിച്ചത്. ഈ പ്രഭാഷകന്റെ അനുയായികളില്‍പെട്ട പലരും പേര് രജിസ്റ്റര്‍ ചെയ്ത് പണമടക്കുകയും ചെയ്തു. അവസാനം യാത്രക്കായി വിമാനത്താവളത്തിലെത്തിയപ്പോള്‍ മാത്രമാണ് വൃദ്ധരടങ്ങുന്ന സംഘം ദയനീയമായി കബളിപ്പിക്കപ്പെട്ട വിവരം അറിയുന്നത്. ടൂര്‍ പാക്കേജിനായി വാങ്ങിയ ലക്ഷങ്ങളുമായി ഓപ്പറേറ്റര്‍ മുങ്ങിയിരിക്കുന്നു.

ഹൈന്ദവ ആത്മീയ പ്രവര്‍ത്തനങ്ങള്‍ക്ക് നേതൃത്വം നല്‍കുന്ന വലിയ പ്രസ്ഥാനമാണ് ചിന്മയാ മിഷന്‍. തികഞ്ഞ പ്രഫഷനലിസവും കരിസ്മാറ്റിക് നമ്പറുകളും ശാസ്ത്രീയ സംവിധാനങ്ങളും സമം ചേര്‍ത്ത് പ്രവര്‍ത്തിക്കുന്ന മിഷനിലെ ഗുരുക്കന്മാര്‍ക്ക് മധ്യ-ഉപരിവര്‍ഗ ഹിന്ദുക്കളില്‍ നല്ല സ്വാധീനമുണ്ട്. മിഷന്റെ ക്രൗഡ് പുള്ളര്‍ പ്രഭാഷകരിലൊരാള്‍ കൊച്ചിയില്‍ കഴിഞ്ഞ വര്‍ഷം പ്രഭാഷണ പരമ്പര സംഘടിപ്പിച്ചു. പ്രസ്തുത പ്രഭാഷണം ഇപ്പോള്‍ ദൂരദര്‍ശന്‍ പ്രക്ഷേപണം ചെയ്യുന്നുണ്ട്. ഈ പ്രക്ഷേപണവുമായി ബന്ധപ്പെട്ട് മിഷനും പ്രഭാഷകനും ഉടക്കി. ഉടനെ വന്നു പ്രഭാഷകന്റെ വക പുതിയ ആത്മീയ സംഘം. തിരുവനന്തപുരത്ത് സ്വന്തം സ്ഥലം വാങ്ങി ആശ്രമത്തിന്റെ പണി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

ആത്മീയത ഇന്ന് നമ്മുടെ നാട്ടിലെ മുതല്‍മുടക്ക് ഏറ്റവും കുറഞ്ഞ, എന്നാല്‍ ഏറ്റവും ലാഭസാധ്യതയുള്ള ബിസിനസ് മേഖലയാണ്. മതഗ്രന്ഥങ്ങള്‍ സ്വല്‍പം വശമാക്കുക, അത്യാവശ്യം കൊള്ളാവുന്ന മേക്ക്അപ്പുകള്‍ സ്വീകരിക്കുക, കരിസ്മാറ്റിക് എന്ന് തോന്നിക്കുന്ന പ്രഭാഷണശൈലി സ്വീകരിക്കുക-ഇത്രയുമായാല്‍ ആര്‍ക്കും ഈ വ്യവസായത്തില്‍ ഒരു കൈ നോക്കാം. ലാഭം കുനുകുനേ കൂടിക്കൊണ്ടിരിക്കും. കണക്കില്ല, വൗച്ചറില്ല, ഓഡിറ്റിംഗും ഇന്‍കം ടാക്സുമില്ല. സ്പെഷ്യല്‍ ഇക്കണോമിക് സോണില്‍ മാത്രം സാധ്യമായ ബിസിനസ് ആനുകൂല്യങ്ങള്‍ ആത്മീയ കച്ചവടക്കാര്‍ക്ക് എവിടെയും ലഭ്യം. ഇസ്‌ലാമിക് ആത്മീയത വേണ്ടവര്‍ക്ക് അത്. ഹൈന്ദവവും ക്രൈസ്തവവും വേറെ വേറെ. എല്ലാം സമം ചേര്‍ത്തുള്ള ഐറ്റങ്ങളും ജാലവിദ്യകളും വേറെയുമുണ്ട്. പ്രകാശവും ശബ്ദവും ഹോളിവുഡ് സിനിമാ സെറ്റുകളിലെന്ന പോലെ ക്രമീകരിച്ച് ആത്മീയത വിസര്‍ജിക്കുന്ന സംഘങ്ങളുമുണ്ട്.

എന്തിനാണ് വെറുതെ ഇങ്ങനെ ഇവരെ കുറ്റം പറയുന്നത് എന്ന് ചോദിക്കുന്നവരുണ്ടാകും. ആരെങ്കിലും ആത്മീയശാന്തി തേടുന്നുവെങ്കില്‍ നേടിക്കോട്ടെ. പക്ഷേ, അനുയായികള്‍ക്ക് ആത്മീയത കൂടുന്തോറും നടത്തിപ്പുകാര്‍ക്ക് ഭൗതികത കൂടുന്ന ഈ പ്രതിഭാസത്തെ അങ്ങനെ നിഷ്കളങ്കമായി സമീപിക്കാന്‍ പറ്റുമോ?

ആളുകള്‍ക്ക് മാനസിക ഉല്ലാസം നല്‍കാന്‍ നാട്ടില്‍ പലവിധ ഏര്‍പ്പാടുകളുമുണ്ട്. വാട്ടര്‍ തീം പാര്‍ക്ക് മുതല്‍ സിനിമാ പ്രദര്‍ശനം വരെ. ശരിക്കും അധ്വാനിച്ചും വമ്പിച്ച മുതല്‍മുടക്ക് നടത്തിയുമാണ് ഇവയൊക്കെ നടത്തിക്കൊണ്ടുപോവുന്നത്. കണക്കും ബുക്കും എല്ലാം സൂക്ഷിക്കണം. ഓഡിറ്റിംഗും നിയമങ്ങളുമെല്ലാമുണ്ട്. ഇന്‍കം ടാക്സും വിനോദ നികുതിയും മുറതെറ്റാതെ അടച്ചുകൊണ്ടിരിക്കണം. എന്നാല്‍ അതേ രീതിയില്‍ പ്രവര്‍ത്തിക്കുന്ന ആത്മീയസംഘങ്ങള്‍ക്ക് മാത്രം ഇതൊന്നും ബാധകമല്ലെന്ന് പറഞ്ഞാല്‍ അത് അനീതിയല്ലേ? വിനോദ വ്യവസായത്തിന്റെ ഇനത്തില്‍ പെടുത്തി ആത്മീയതക്കും ആദായനികുതി ഏര്‍പ്പെടുത്തുന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കാവുന്നതാണ്. കാര്യങ്ങള്‍ക്ക് അല്‍പം അടുക്കും ചിട്ടയും നിയമപ്രാബല്യവും ലഭിക്കാന്‍ അത് ഉപകരിക്കും.

ആത്മീയ കാര്യങ്ങള്‍, ഭൗതിക കാര്യങ്ങള്‍ എന്നിങ്ങനെ രണ്ടായി പിരിക്കാന്‍ പറ്റാത്തതാണ് ദീനുല്‍ ഇസ്‌ലാമിന്റെ ജീവിതവീക്ഷണം. എന്നാല്‍ അതിനകത്ത് ആത്മീയ കച്ചവടവും തട്ടിപ്പുകളും പ്രയാസമേതുമില്ലാതെ നടന്നുപോകുന്നത് വല്ലാത്തൊരു വൈരുധ്യം തന്നെ. ഉത്കൃഷ്ടമായ ഹജ്ജ് കര്‍മത്തെപ്പോലും കച്ചവടത്തിന്റെയും തട്ടിപ്പിന്റെയും വേദിയാക്കി മാറ്റുന്നവരെ സമുദായദ്രോഹികള്‍ എന്നല്ലാതെ മറ്റെന്താണ് വിളിക്കുക? ഹജ്ജിന് പോകാന്‍ കഴിയാത്ത ചെറുകിടക്കാരെ ഉന്നം വെച്ച് നാടന്‍ ആത്മീയകേന്ദ്രങ്ങളിലേക്കും വന്‍കിടക്കാരെ ഉദ്ദേശിച്ച് അന്താരാഷ്ട്ര

കേന്ദ്രങ്ങളിലേക്കുമുള്ള സിയാറത്ത് ടൂറുകൾ കൊഴുത്തുകൊണ്ടിരിക്കുകയാണ്. അത്തരത്തിലൊന്നാണ് കോഴിക്കോട് എയർപോട്ടിൽ വെച്ച് പാളിപ്പോയത്. പക്ഷേ, ദുഃഖകരമായ കാര്യം ഇത്തരം തട്ടിപ്പ് പ്രോജക്റ്റുകൾക്കെല്ലാം മുമ്പിൽ നിൽക്കുന്നത് മതപണ്ഡിതന്മാരും പ്രഭാഷകരുമാണെന്നതാണ്. നോക്കൂ, ഏത് ഹജ്ജ് ഗ്രൂപ്പിന്റെ പരസ്യത്തിലും ഒരു മുസ്‌ലിയാരുടെയോ മൗലവിയുടെയോ ഫോട്ടോ ഉണ്ടാവും. ആ തിരുമുഖം കാണിച്ചാണ് ആളെപ്പിടിത്തം. വൻകിട കമ്പനികൾ ബ്രാന്റ് അംബാസഡറെ വെക്കുന്നതുപോലെ. ഈ അംബാസഡർമാർക്ക് സൗജന്യ ഹജ്ജിന് പുറമേ വൻതുക പ്രതിഫലമായും ലഭിക്കുന്നുണ്ട്. മികച്ച ഹോട്ടലിലെ താമസവും മറ്റു സൗകര്യങ്ങളും വേറെ. ഇതൊക്കെ കരാറാക്കിയതിനു ശേഷമാണ് അംബാസഡർമാർ പടം കൊടുക്കാൻ സമ്മതിക്കുന്നത്. പകരം ഗ്രൂപ്പിന് ആത്മീയ സാന്നിധ്യം നൽകുകയാണ് അംബാസഡറുടെ ജോലി. ശരിക്കും അവർ അത് ഭംഗിയായി നിർവഹിക്കുന്നുണ്ട്.

സമുദായം തെരുവിൽ കൈകാര്യം ചെയ്യുന്നതുവരെ ഈ ആത്മീയ കച്ചവടം തുടർന്നുകൊണ്ടിരിക്കുക തന്നെ ചെയ്യും.

## വെടിപ്പുള്ളൊരു മാസിക

കൊച്ചിയിൽനിന്നിറങ്ങുന്ന *സ്നേഹ സംവാദം* മാസിക വീട്ടിൽ കൃത്യമായി വരാറുണ്ട്. വൃത്തിയും വെടിപ്പുമുള്ളൊരു മാസിക. മതമീമാംസ, മതതാരതമ്യം, വേദപഠനം, ശാസ്ത്രവും ഇസ്‌ലാമും തമ്മിലുള്ള ബന്ധവും ബന്ധക്കേടുകളും, ഇസ്‌ലാമിനെതിരെ യുക്തിവാദികളിൽനിന്നും ശാസ്ത്രവാദികളിൽനിന്നും വരുന്ന ആരോപണങ്ങൾക്കുള്ള മറുപടികൾ എന്നിങ്ങനെയാണ് *സ്നേഹ സംവാദ*ത്തിന്റെ ഏരിയ. ഈ വിഷയങ്ങളിൽ അത്യാവശ്യം റഫറൻസുകൾ കൊടുത്തുകൊണ്ടുള്ള പഠനാർഹമായ ലേഖനങ്ങൾ കൊണ്ട് സമ്പന്നമാണ് മിക്ക ലക്കങ്ങളും. ലേ ഔട്ട് വൈകൃതങ്ങളും ചിത്രങ്ങളും കോപ്രായങ്ങളുമില്ല. ഉള്ളത് വൃത്തിയിലങ്ങ് അച്ചടിച്ചിരിക്കുന്നു. സാധാരണ മുസ്‌ലിം പ്രസിദ്ധീകരണങ്ങളിൽ കാണാറുള്ളതുപോലെ കോഴിപ്പോര്, കാൽകാവടിയാട്ടം, മാന്തിക്കീറൽ തുടങ്ങിയ കലാപരിപാടികൾ കാണാനില്ല. തികഞ്ഞ ഏകാഗ്രത മാസിക സൂക്ഷിക്കുന്നുണ്ട്. ആകർഷകമാക്കാൻ ഉദ്ദേശിച്ചു കൊണ്ട് കവറിൽ കൊടുക്കുന്ന കമ്പ്യൂട്ടർ ഇമേജുകൾ പക്ഷേ ബോറടിപ്പിക്കുന്നതാണ്. ഇസ്‌ലാം, ഖുർആൻ, ശാസ്ത്രം, പ്രവാചകൻ തുടങ്ങി പല വിഷയങ്ങളും കൈകാര്യം ചെയ്യുന്നുണ്ടെങ്കിലും ഇസ്‌ലാമിക ദർശനം, തത്ത്വചിന്ത, സാമൂഹികശാസ്ത്രം എന്നീ മേഖലകളിലുള്ള പഠനങ്ങൾ കാണാനേ ഇല്ല. സലഫീ ചിന്തക്ക് കടന്നുചെല്ലാനും വലിയ സംഭാവനകൾ അർപ്പിക്കാനും സാധിക്കാത്ത മേഖലകളാണല്ലോ ഇവ. അതുകൊണ്ടുതന്നെയായിരിക്കും *സ്നേഹ സംവാദ*ത്തിലെ ഈ ശൂന്യതയും. അതും കൂടി ശ്രദ്ധിച്ചാൽ മലയാളത്തിലെ കിടയറ്റ പ്രസിദ്ധീകരണമാക്കാൻ സംഘാടകർക്ക് കഴിയും. എന്തായാലും നിങ്ങൾക്ക് ഇത് സുഹൃത്തിന് വായനക്ക് നിർദേശിക്കാം. എം.എം അക്ബർ ആണ് പത്രാധിപർ. കലാഭവൻ റോഡ്, കൊച്ചി-18 എന്ന് വിലാസം. ■